# മഹാത്മാഗാന്ധി സർവ്വകലാശാല

നമ്പർ: എ.ഡി.എ1-1-21/2017 തീയതി: 11.08.2017

## സർക്കുലർ

വിഷയം: സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ 2017 - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന: 1. പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിൻെറ 05.11.2015 ലെ 54814/പോൾ-5/2015/പൊ.ഭ.വ. നമ്പർ സർക്കുലർ
2. പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിൻെറ 02.08.2017 ലെ 141/പോൾ-5/2017/പൊ.ഭ.വ. നമ്പർ സർക്കുലർ

ഭാരതത്തിൻെറ സ്വാതന്ത്ര്യ ദിനം എല്ലാ വർഷവും സമുചിതമായും ആകർഷകവുമായും ആഘോഷിച്ചുവരുന്നു. 2017 ലെ സ്വാതന്ത്ര്യ ദിനാഘോഷവുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഔദ്യോഗിക തലത്തിൽ സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ എല്ലാ സർക്കാർ ജീവനക്കാരും പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള മറ്റു സ്വയം ഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സ്കൂളുകൾ, കോളേജുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്നും വകുപ്പ് തലവന്മാരും ഓഫീസ് മേധാവികളും ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതാണെന്നും WP(C)No.23497/2015 ലെ ബഹു. കേരള ഹൈക്കോടതി ഉത്തരവിനനുസൃതമായി സൂചന (1) പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാലയിലും ഈ വർഷത്തെ സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ സമുചിതമായും ആകർഷകമായും ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ഇതിൻെറ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാല അങ്കണത്തിൽ 15.08.2017 ചൊവ്വാഴ്ച രാവിലെ 9.30 ന് ബഹു. വൈസ്-ചാൻസിലർ ത്രിവർണ്ണ പതാക ഉയർത്തുന്നതാണ്.

എല്ലാ സർവ്വകലാശാല ജീവനക്കാരും പ്രസ്തുത ചടങ്ങിലും ആഘോഷ പരിപാടിയിലും നിർബന്ധമായും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

ഒപ്പ്
ജോയിൻറ് രജിസ്ട്രാർ I
(ഭരണവിഭാഗം)

പകർപ്പ്:

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്
3. രജിസ്ട്രാറുടെ/കൺട്രോളർ ഓഫ് എക്സാമിനേഷൻസിൻെറ/ ഫിനാൻസ് ഓഫീസറുടെ പി.എ. മാർ
4. അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. പബ്ലിക് റിലേഷൻസ് ഓഫീസർ
6. നോട്ടീസ് ബോർഡ്/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ